(ബി) ജനകീയാസൂത്രണ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ജനകീയാസൂത്രണ പദ്ധതി നിർവഹണത്തിന്റെ ആഡിറ്റിംഗ് നടത്തുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പരിപാടികളിലെ നടത്തിപ്പിനെക്കുറിച്ച് ലഭിക്കുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രീവൻസ് എൻക്വയറി കമ്മിറ്റി 17.3.98-ലെ ജി.ഒ.(പി)54/98/തദ്ദേവ നമ്പർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്കുപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ, ഡിസ്ട്രിക്ട് ലെവൽ എക്സ്പേർട്ട് കമ്മിറ്റിയിലെ സീനിയറായ അനൗദ്യോഗിക അംഗം, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി ജില്ലാ തലത്തിലും മുനിസിപ്പൽ കോർപ്പറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള പരാതികളെപ്പറ്റി അന്വേഷണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സെക്രട്ടറി, പ്ലാനിംഗ് ബോർഡ് സെക്രട്ടറി, മെമ്പർ എന്നിവർ അംഗങ്ങളായുള്ള മറ്റൊരു കമ്മിറ്റിയുമാണ് രൂപീകരിച്ചിട്ടുള്ളത്. ഗൗരവമേറിയ പരാതികളിന്മേൽ വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി)&(സി) ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അഴിമതി നടന്നു എന്ന പ്രശ്നം ഉന്നയിച്ചുകൊണ്ടുള്ള പരാതികളിന്മേൽ ഒരന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ വകുപ്പിന്റെ കീഴിൽ കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലുള്ള മേഖല ഓഫീസിലെ ഉദ്യോഗസ്ഥന്മാരും കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ സെക്രട്ടേറിയറ്റിലെ ഓഫീസർമാരുടെ കീഴിലുള്ള പെർഫോർമൻസ് ആഡിറ്റു വിഭാഗവും ആഡിറ്റ് നടത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലുള്ള പെർഫോർമൻസ് ആഡിറ്റ് വിഭാഗം ആഡിറ്റ് നടത്തുന്നുമുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗവും പരിശോധനകൾ നടത്തുന്നുണ്ട്.

132 (689) തിരുവനന്തപുരം കോർപ്പറേഷൻ വാങ്ങിയ പുതിയ വാഹനങ്ങൾ

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ; എന്തു തുക ഇതിനായി ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം ഇനത്തിൽ എത്ര വാഹനങ്ങൾ വീതം ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്;

(സി) പുതിയ വാഹനങ്ങൾ ഉൾപ്പെടെ ആകെ എത്ര വാഹനങ്ങൾ തിരുവനന്തപുരം കോർപ്പറേഷന് സ്വന്തമായുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ 41 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇനം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

1.	25 എച്ച്.പി.എച്ച്.എം.ടി ട്രാക്ടർ വിത്ത് കണ്ടെയിനർ സിസ്റ്റം	:	20 എണ്ണം
2.	35 എച്ച്.പി.എച്ച്.എം.ടി ട്രാക്ടർ വിത്ത് കണ്ടെയിനർ ലോഡർ	:	5 എണ്ണം
3.	35 എച്ച്.പി.എച്ച്.എം.ടി ട്രാക്റ്റർ വിത്ത് വാകം എംടിയർ	:	3 എണ്ണം
4.	ബജാജ് ടെമ്പോ ട്രാവലർ	:	1 എണ്ണം
5.	ജെ.സി.ബി. എസ്കവേറ്റർ	:	2 എണ്ണം
6.	ലൈലാന്റ് ടിപ്പർ ലോറി ചെയ്സിസ്സുകൾ	:	5 എണ്ണം
7.	മഹീന്ദ്രാ ആന്റ് മഹീന്ദ്രാ ജീപ്പ്	:	1 എണ്ണം
8.	ജീപ്പ്	:	1 എണ്ണം
9.	ട്രെയിലർ	:	1 എണ്ണം
10.	മഹീന്ദ്രാ കമാണ്ടർ ജീപ്പ്	:	2 എണ്ണം

വാഹനങ്ങൾ വാങ്ങിയ വകയിൽ 3,03,82,459/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വാഹനങ്ങളും ഇപ്പോൾ ഉപയോഗത്തിലുണ്ട്.

(സി) പുതിയ വാഹനങ്ങൾ ഉൾപ്പെടെ തിരുവനന്തപുരം നഗരസഭയ്ക്ക് 97 വാഹനങ്ങൾ സ്വന്തമായുണ്ട്. വാഹനങ്ങളുടെ നമ്പർ ഉൾപ്പെടെ ഇനം തിരിച്ച് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

133 (690) ജനകീയാസൂത്രണപദ്ധതി നടത്തിപ്പിന് ചെലവായ തുക

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻ കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും പദ്ധതി നടത്തിപ്പിനായി ഓരോ വർഷവും എന്തു തുക അനുവദിച്ചു നൽകിയിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly